നമ്പർ.ഇ.എക്സ് .സി.ജനറൽ 4/39877/2017/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-12**
**തീയതി: 14/05/2018.**

# സർക്കുലർ

വിഷയം:- പൊ.വി- പരീക്ഷാഭവൻ-എസ്.എസ്.എൽ.സി മാർച്ച് 2018-ഗ്രേസ് മാർക്ക് -സംബന്ധിച്ച്.

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22-02-2018-ലെ വൈ-1/14117/18/ഡി.പി.ഐ നമ്പർ സർക്കുലർ
2. ഈ ഓഫീസിലെ 17-02-2018-ലെ ഇതേ നമ്പർ സർക്കുലർ

------

2018 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ പരീക്ഷാഭവന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ ആയി അപ്ലോഡ് ചെയ്യുന്നതിന് നിശ്ചിത സമയം അനുവദിച്ച് നൽകിയിരുന്നു. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സ്കൂളുകളിൽ നിന്ന് ഓൺലൈനായി അപ്ലോഡ് ചെയ്യാത്തതും ബന്ധപ്പെട്ട അധികാരി (ഡിഡിഇ/ഡിപിഐ) ഓൺലൈനായി വെരിഫൈചെയ്ത് ഗ്രേസ് മാർക്കിന് അംഗീകാരം നൽകാത്തതുമായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടുത്തി നൽകിയിട്ടില്ല. ഗ്രേസ് മാർക്കിന് പരിഗണിക്കുന്ന ചില ഇനങ്ങളിലെ സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ കാലതാമസം നേരിട്ടതായും അതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരം ഓൺലൈനായി അപ്ലോഡ് ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ചില സ്കൂളുകളിൽ നിന്നും അറിയിച്ചിട്ടുണ്ട്.

മാർച്ച് 2018-ലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹതയുള്ളതും എന്നാൽ ബന്ധപ്പെട്ട അധികാരി (ഡി.ഡി.ഇ/ഡി.പി.ഐ) ഓൺലൈനായി വെരിഫൈ ചെയ്ത് ഗ്രേസ് മാർക്കിന് അംഗീകാരം നൽകാത്തതുമായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് ബന്ധപ്പെട്ട രേഖകളും സർട്ടിഫിക്കറ്റിന്റെ ഗസറ്റ്ഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവാകുന്നതിന് ബന്ധപ്പെട്ട അധികാരിക്ക് (ഡി.ഡി.ഇ/ഡി.പി.ഐ (സൂചന (1)) സ്കൂൾ പ്രധാന അദ്ധ്യാപകർ നേരിട്ട് അപേക്ഷ നൽകേണ്ടതാണ്.

സ്കൂൾ പ്രധാന അദ്ധ്യാപകരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് നൽകേണ്ടതാണ്. ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ പേരും, രജിസ്റ്റർ നമ്പറും, സ്കൂളിന്റെ പേരും, ഏത് ഇനത്തിൽ, ലഭിച്ച ഗ്രേഡും, എത്ര മാർക്ക്/ശതമാനം (സൂചന 1) ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തി ലിസ്റ്റാക്കി നൽകേണ്ടതാണ്.

ഗ്രേസ് മാർക്ക് അനുവദിച്ച ഉത്തരവിലും വിദ്യാർത്ഥികളുടെ പേര് ഉൾപ്പെടുത്തിയ ലിസ്റ്റിലെ എല്ലാ പേജിലും ബന്ധപ്പെട്ട അധികാരിയുടെ ഒപ്പും ഔദ്യോഗിക മുദ്രയും ഓഫീസ് മുദ്രയും പതിക്കേണ്ടതാണ്. അല്ലാതെ ലഭിക്കുന്ന ഉത്തരവും ലിസ്റ്റും പരിഗണിക്കുന്നതല്ല. ഗ്രേസ് മാർക്ക് അനുവദിച്ച ഉത്തരവും ലിസ്റ്റും 26-05-2018 നകം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

സെക്രട്ടറി

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (എല്ലാ ഹൈസ്കൂളിലും അറിയിക്കുന്നതിന്)
3. ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്ക് (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)

എം-5-05-2018